# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 633 | 25.05.2017- ൽ മറുപടിയ്ക്ക് |

## ജി.എസ്.ടി. ബിൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അനിൽ അക്കര<br>,, കെ.സി.ജോസഫ്<br>,, വി.എസ്.ശിവകുമാർ<br>,, അടൂർ പ്രകാശ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാന ജി.എസ്.ടി.ബിൽ തയ്യാറായിട്ടുണ്ടോ; ബിൽ എന്നത്തേക്ക് പാസ്സാക്കുവാനാണ് ഉദ്ദേശിക്കുന്നത്; | (എ) | കരട് ബിൽ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | 2017 ജൂലൈ 1 ന് ജി.എസ്.ടി നിയമം ഇന്ത്യയൊട്ടുക്ക് നടപ്പിലാക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തും നടപ്പിലാക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനാവശ്യമായ ബാക്ക് എൻഡ് ഐ.റ്റി ചട്ടക്കൂടുകളുടെ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനായി സാങ്കേതിക വിദഗ്ധരെ നിയമിക്കുകയും എൻ.ഐ.സി യുടെ സഹകരണത്തോടെ ടി പ്രവൃത്തി പുരോഗമിച്ചും വരുന്നു. കൂടാതെ വകുപ്പിലെ 1,517 ഉദ്യോഗസ്ഥർക്ക് ജി.എസ്.ടി നിയമത്തെപ്പറ്റിയുള്ള പരിശീലനം നൽകിക്കഴിഞ്ഞു. അവശേഷിക്കുന്നവർക്കുള്ള പരിശീലനം ജില്ലാകേന്ദ്രങ്ങളിൽ നടന്നുവരുന്നു. കൂടാതെ വകുപ്പിലെ അൻപത് ജീവനക്കാർക്ക് ജി.എസ്.ടി യുടെ സാങ്കേതികവിദ്യയെക്കുറിച്ച് തമിഴ് നാട്ടിലെ കാഞ്ചീപുരം ഇൻഫോസിസ് കാമ്പസിൽ വച്ച് പരിശീലനം നൽകുകയുണ്ടായി. തുടർന്ന് ഇവർക്ക് 28.04.2017 ൽ തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ വച്ച് ജി.എസ്.ടി.എൻ ന്റെ നേതൃത്വത്തിൽ ഏകദിന പരിശീലനവും നൽകുകയുണ്ടായി. ഇവരുടെ നേതൃത്വത്തിൽ അവശേഷിക്കുന്നവർക്കുള്ള സാങ്കേതികപരിശീലനം ജില്ലാകേന്ദ്രങ്ങളിൽ പുരോഗമിച്ചുവരുന്നു. ജനങ്ങളെ ജി.എസ്.ടി നിയമത്തെക്കുറിച്ച് ബോധവ |

| | | | |
|---|---|---|---|
| | | | ൽക്കരിക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ എൺപതോളം കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുകയും വാണിജ്യനികുതി വകുപ്പും സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആന്റ് കസ്റ്റംസും ചേർന്ന് ക്ലാസ്സുകൾ നടത്തുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ജി.എസ്.ടി. നടപ്പിലാക്കുന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിനോദ നികുതിയും പരസ്യനികുതിയും ഈടാക്കുവാൻ സാധിക്കുമോ; | (സി) & (ഡി) | ചരക്കുസേവന നികുതി നടപ്പിലാക്കുന്നതിനായി കൊണ്ടുവന്ന ഭരണഘടനാ ഭേദഗതിയും ജി.എസ്.ടി നിയമവും പ്രകാരം തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ ഈടാക്കിവരുന്ന വിനോദനികുതി തുടർന്നും അവർക്ക് ഈടാക്കാൻ നിയമ തടസ്സമില്ല. എന്നാൽ ജി.എസ്.ടി നിരക്ക് നിലവിലെ നികുതി നിരക്കിനെക്കാൾ കൂടുതലാണെങ്കിൽ സംസ്ഥാനങ്ങൾക്ക് തദ്ദേശസ്വയംഭരണ വിനോദനികുതിക്കു പുറമേ ജി.എസ്.ടിയും ഈടാക്കാൻ നിയമതടസ്സമില്ല. എന്നാൽ പരസ്യ നികുതി പൂർണ്ണമായും ജി.എസ്.ടി യിൽ സംയോജിക്കുമെന്നതിനാൽ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് ജി.എസ്.ടി നിലവിൽ വന്നാൽ പരസ്യനികുതി ഈടാക്കാൻ അധികാരമില്ല. എന്നാൽ ജി.എസ്.ടി നിലവിൽ വരുന്നതോടെ റിട്ടേൺ ഫയൽ ചെയ്യലും, അതിന്റെ ഒത്തുനോക്കലും, രജിസ്ട്രേഷൻ എടുക്കലും എല്ലാം ഓൺലൈൻ ആവുകയും നികുതിഭരണം കാര്യക്ഷമമാവുകയും ചെയ്യുമെന്നതിനാൽ പരസ്യനികുതി പിരിവ് ഗണ്യമായി വർദ്ധിക്കാനാണ് സാധ്യത. ഇതുമൂലം ഉടലെടുക്കുന്ന പ്രശ്നങ്ങൾ മറി കടക്കുന്നതിനെ സംബന്ധിച്ച് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. |
| (ഡി) | കേന്ദ്രവും സംസ്ഥാനവും ചുമത്തുന്ന ജി.എസ്.ടി ക്ക് പുറമെ തദ്ദേശസ്ഥാപനങ്ങൾ നികുതി ചുമത്തിയാൽ വിനോദനികുതിയും പരസ്യനികുതിയും വർദ്ധിക്കുമെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**